"ദേവസഭാതലം രാഗിലമാക്കുവാൻ..." കർണാടക സംഗീതജ്ഞനായി കൈതപ്രം ദാമോദരൻ നമ്പൂതിരിയും ഹിന്ദുസ്ഥാനി ഗായകനായി മോഹൻലാലും മത്സരിച്ച് അഭിനയിച്ച ഗാനരംഗം. രവീന്ദ്രൻ മാഷിന്റെ അത്യുജ്ജ്വല സൃഷ്ടികളിൽ ഒന്ന്. രണ്ട് ഗായകരായാൽ കൂടി ഏറെ പരിശീലനത്തോടെ പാടിയാൽ മാത്രം വിജയിപ്പിക്കാൻ കഴിയുന്ന ഒരു ഗാനം. എറണാകുളത്തെ ഒരു വേദിയിൽ രവീന്ദ്രസംഗീത സന്ധ്യയിൽ രണ്ടു ഗായകരുടെയും ഭാഗം അനായാസം പാടി ഒടുവിൽ നിറഞ്ഞ കയ്യടിയും ആദരവും നേടിയെടുത്ത ഒരു ഗായക പ്രതിഭയാണ് ഈ ദളത്തെ സമ്പുഷ്ടമാക്കുന്നത്.

വിഷ്ണു എ കൃഷ്ണൻ
ഫെഡറൽ ബാങ്ക്
ഹെഡ് ഓഫീസ്
ആലുവ.

മിൽമയിൽ സീനിയർ അക്കൗണ്ട്സ് ഓഫീസറും അക്കൗണ്ട്സ് വിഭാഗത്തിന്റെ തലവനും ആയി റിട്ടയർ ചെയ്ത ശ്രീ എസ് അനന്തകൃഷ്ണന്റെയും തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജിലെ പ്രിൻസിപ്പലായ ഡോക്ടർ പ്രിയ പി മേനോന്റെയും രണ്ടാൺമക്കളിൽ മൂത്തയാളാണ് വിഷ്ണു.

അമ്മയും അമ്മയുടെ രണ്ട് സഹോദരിമാരും സംഗീതം പഠിച്ചവരും സംഗീതത്തെ ഏറെ ഇഷ്ടപ്പെടുന്നവരും ആയിരുന്നത് കൊണ്ട് തന്നെ വിഷ്ണുവിന്റെ ബാല്യം സംഗീതം നിറഞ്ഞ ഒരു ചുറ്റുപാടിൽ ആയിരുന്നു. ചെറിയ ക്ലാസ് മുതൽ പ്ലസ് ടു വരെ വടുതല ചിന്മയ വിദ്യാലയത്തിൽ ആയിരുന്നു വിഷ്ണുവിന്റെ വിദ്യാഭ്യാസം.
സ്കൂളിൽ പഠിക്കുന്ന കാലത്ത് തന്നെ സംഗീത മത്സരങ്ങളിൽ പങ്കെടുക്കുകയും കൈനിറയെ സമ്മാനങ്ങൾ വാങ്ങുകയും ചെയ്യുക വിഷ്ണുവിന് ഒരു ഹരമായിരുന്നു.

സ്കൂളിലെ മത്സരങ്ങൾക്ക് പുറമേ എറണാകുളം കരയോഗം സംഘടിപ്പിക്കാറുണ്ടായി രുന്ന ജ്ഞാനപ്പാനയെയും നാരായണീയത്തെയും ആസ്പദമാക്കിയുള്ള എല്ലാ മത്സരങ്ങളിലും വിഷ്ണു പങ്കെടുത്തിരുന്നു. പലയിനങ്ങളിൽ സമ്മാനങ്ങൾ നേടുന്നവരെ കരയോഗം ചാമ്പ്യനായി തിരഞ്ഞെടുക്കുമായിരുന്നു. സ്കൂൾ കാലഘട്ടത്തിൽ അങ്ങനെ അഞ്ചുതവണ ചാമ്പ്യൻ ആകാൻ വിഷ്ണുവിന് കഴിഞ്ഞിട്ടുണ്ട്.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി എൻജിനീയറിങ് പഠനത്തിനായി വിഷ്ണു എത്തിയത് കരുനാഗപ്പള്ളിയിലെ അമൃത കോളേജ് ഓഫ് എൻജിനീയറിങ്ങിലാണ്. അവിടെയും നിരവധി അവസരങ്ങൾ വിഷ്ണുവിനെ കാത്തിരിപ്പുണ്ടായിരു ന്നു.
കോളേജിലും യൂണിവേഴ്സിറ്റി തലത്തിലും നിരവധി സമ്മാനങ്ങളും

അംഗീകാരങ്ങളും ആ കാലഘട്ടത്തിൽ വിഷ്ണുവിനെ തേടിയെത്തി.

തുടർന്ന് കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നിന്നും ഡിസ്റ്റിംഗ്ഷനോടെ എം ബി എ പാസായ വിഷ്ണു ക്യാമ്പസ് സെലക്ഷനിലൂടെയാണ് ഫെഡറൽ ബാങ്കിൽ എത്തിച്ചേരുന്നത്.

2021 ൽ മലപ്പുറം ജില്ലയിലെ അരീക്കോടിൽ തുടങ്ങിയ ബാങ്ക് ജീവിതം ഇന്ന് ഫെഡറൽ ബാങ്കിന്റെ ഹെഡ് ഓഫീസിലെ ബ്രാഞ്ച് ബാങ്കിംഗ് ഡിപ്പാർട്ട്മെന്റ് എത്തിനിൽക്കുന്നു.

സ്കൂൾ ജീവിതകാലത്ത് വിഷ്ണുവിന് മറക്കാൻ കഴിയാത്ത ഒരു അനുഭവം ഏഷ്യാനെറ്റിലെ മഞ്ച് സ്റ്റാർ സിംഗറിലെ ഫൈനലിൽ എത്തിപ്പെട്ടതാണ്. 2008 ൽ നടന്ന ഈ മത്സരങ്ങൾ കണ്ടവർ ഓർക്കുന്നുണ്ടാകും അന്ന് വിഷ്ണു ഒരു താരം തന്നെ ആയിരുന്നു.

കോളേജ് കാലഘട്ടത്തിലാണ് മഴവിൽ മനോരമയിലെ സൂപ്പർ ഫോറിലേക്ക് വിഷ്ണു തെരഞ്ഞെടുക്കപ്പെടുന്നത്. അതിലും വിഷ്ണു ഫൈനലിസ്റ്റ് ആയിരുന്നു. ഫൈനലിൽ എത്തിയ ഗ്രൂപ്പിലെ രണ്ടാം സ്ഥാനക്കാരൻ ആയി തിരഞ്ഞെടുക്കപ്പെട്ടത് വിഷ്ണുവാണ്. സംഗീത ലോകത്ത് വിഷ്ണുവിന് തന്റേതായ ഒരു ഇടം നേടിക്കൊടുത്തതിൽ ഈ റിയാലിറ്റി ഷോകൾക്ക് വലിയ പങ്കാണുള്ളത്.
മെല്ലെ വിഷ്ണുവിന്റെ കഴിവുകൾ പുറം ലോകത്തിലേക്ക് എത്തിതുടങ്ങി.

ഭ്രമരം എന്ന ചിത്രത്തിൽ "അണ്ണാറക്കണ്ണാ വാ..." എന്ന ഗാനത്തിൽ വിജയ് യേശുദാസിനൊപ്പം കേട്ട ആ കുഞ്ഞ് ശബ്ദം വിഷ്ണുവിന്റേതായിരുന്നു. പിന്നീട് 'അവൻ' എന്ന ചിത്രത്തിലും 'അന്ധകാര'യിലും ഷാൻ റഹ്മാന്റെ സംഗീതത്തിൽ ധ്യാൻ ശ്രീനിവാസൻ ചിത്രമായ 'സച്ചിനി'ലും ഒക്കെ പാടാനുള്ള അവസരങ്ങൾ വിഷ്ണുവിനെ തേടി വന്നു. ലൂസിഫർ എന്ന പ്രശസ്ത മലയാളചിത്രത്തിൽ ബാക്ക്ഗ്രൗണ്ട് സ്കോർ പാടാൻ കഴിഞ്ഞത് പ്രശസ്തരായ ചില കലാകാരന്മാരെ പരിചയപ്പെടാനുള്ള അവസരമായി മാറിയതിൽ ഏറെ സന്തുഷ്ടനാണ് വിഷ്ണു.

തൃപ്പൂണിത്തുറ ആസ്ഥാനമായുള്ള ശ്രുതി ഓർക്കസ്ട്രയിലെ സ്ഥിരം അംഗമാണ് വിഷ്ണു. നമ്മുടെ ആദ്യകാല ടാലന്റഡ് ബാങ്കർമാരിൽ ഒരാളായ രഘുനാഥന് വിഷ്ണുവിനെ കുറിച്ച് പറയാൻ നൂറു നാവാണ്.

രഘുനാഥന്റെ അഭിപ്രായത്തിൽ സംഗീതത്തിൽ ഏറെ അർപ്പണബോധമുള്ള ഒരു ഗായകനാണ് വിഷ്ണു. താൻ പാടാൻ പോകുന്ന ഏത് ഗാനത്തിന്റെയും സാഹിത്യവും സംഗീതവും മനസ്സിലാക്കുന്നതിനോടൊപ്പം അതിന്റെ സാങ്കേതികതകൾ കൂടി മനസ്സിലാക്കി ആ പാട്ട് പൂർണ്ണതയിൽ എത്തിക്കാൻ ഏറെ ശ്രമം നടത്തുകയും അതിൽ എപ്പോഴും വിജയം കണ്ടെത്തുകയും ചെയ്യുന്ന ഒരു

അനുഗ്രഹീത ഗായകൻ. ഒരുപക്ഷേ നിരവധി റിയാലിറ്റി ഷോകളിൽ പങ്കെടുത്തത് വഴി ലഭിച്ച പരിശീലനം ആകാം അതിന് കഴിവ് നൽകിയത്.

ബാങ്കിൽ ജോലി കിട്ടിയതിനു ശേഷം ടി ബിയുടെ മ്യൂസിക് ക്ലബ്ബിന്റെ ചുമതലയുള്ള ആനന്ദ് വഴിയാണ് വിഷ്ണു നമ്മുടെ ഗ്രൂപ്പിലേക്ക് എത്തുന്നത്. സംഗീതത്തെ ഏറെ ഇഷ്ടപ്പെടുകയും ഉപാസിക്കുകയും ചെയ്യുന്ന ഒരാളായാണ് വിഷ്ണുവിനെ താൻ കാണുന്നതെന്ന് ആനന്ദ് സാക്ഷ്യപ്പെടുത്തുന്നു.

പെരുമ്പാവൂർ നാരായണൻ നമ്പൂതിരിയുടെ ശിക്ഷണത്തിൽ സംഗീതം അഭ്യസിക്കുന്ന വിഷ്ണുവിന് ബാങ്ക് ജോലിയും സംഗീതവും ഒരേ പോലെ പ്രിയപ്പെട്ടതാണ്. ബാങ്കിൽ ജോലി ചെയ്തുകൊണ്ട് തന്നെ അറിയപ്പെടുന്ന ഒരു പാട്ടുകാരൻ ആകണം എന്നതാണ് വിഷ്ണുവിന്റെ ഏറ്റവും വലിയ സ്വപ്നം. അച്ഛനോടും അമ്മയോടും ഒപ്പം എറണാകുളത്ത് താമസിക്കുന്ന വിഷ്ണുവിന്റെ സഹോദരൻ പ്രണവ് എ കൃഷ്ണൻ ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജിലെ വിദ്യാർത്ഥിയാണ്.

കുടുംബവും സംഗീതവും ബാങ്ക് ജീവനവും ഭംഗിയായി മുന്നോട്ടു കൊണ്ടു പോകാനും വരുംകാലങ്ങളിൽ പ്രശസ്തനായ ഒരു ഗായകനായി മാറാനും വിഷ്ണുവിന് കഴിയട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ആശംസിക്കുന്നു.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

'Devasabhathalam raagilamakkuvan'... Let's walk you down the memory lane through a setting in a movie where Kaithapram Damodaran Namboothiri appeared as a Carnatic music virtuoso, (resonating with his 'real self' ) and Mohanlal as a Hindustani vocalist, in a musical tussle they engaged, enacting their roles very well alongside this song, which is one of the most ingenious creations of Shri Ravindran master; which even when two singers perform, would have to be preceded by profound practice so as to triumphantly sing to perfection. The song was performed with unfathomable ease by a banker in the event 'Raveendra Sangeetha Sandhya' inviting applause and reverence from hearts filled with adoration. Let's proudly put our spotlight this week, on the said banker.

Vishnu A Krishnan,

Federal Bank,
Head Office,
Aluva.

Vishnu was born as the elder one of the two sons of Shri S Ananthakrishnan, who was a Senior Accounts Officer and retired as Head of the Accounts Department from Milma and Dr. Priya P. Menon, Principal of the Tripunithura Government College.

Born of a family of music lovers and practitioners,Vishnu's childhood was immersed in music which nurtured his talent.

Vishnu had his education till higher secondary level at Chinmaya Vidyalaya, Vaduthala. Since then he used to participate in music competitions winning accolades.

Beyond the competitions held at school, he used to participate in other competitions based on Jnanappana and Narayaneeyam held by Ernakulam Karayogam. He was bestowed with the title of Karayogam champion 5 times.

After completing his schooling, Vishnu joined Amritha College of Engineering,Karunagapally where amid numerous opportunities at College and University levels , his talent swirled indepth.

Thereafter he completed MBA from School of Management under Cochin University with distinction and got placement in Federal Bank through campus selection.

His career which started at Arikode in Malappuram in 2021 continues at the Branch Banking Department of the Head Office of Federal Bank.

The experience of participating in Munch star Singer (2008) aired in Asianet during his school days remains as one of the most memorable events in his life. He was a star performer at that time and he could even make it to the final stage of the reality show.

Vishnu was selected to participate in 'Super Four' music reality show during his college days and he was the first runner up. Reality shows helped Vishnu in carving a place of his own in the realm of music.

The voice we heard with Vijay Yesudas in the song "Annarakanna Vaa" in the movie Bhramaram was that of Vishnu.

Later, opportunities came to Vishnu to sing in the film 'Avan', 'Andhakara' and Dhyan Srinivasan's film 'Sachini', the music direction of which is done by Shan Rahman. Vishnu gratefully reminisces that singing the background score in the famous Malayalam film 'Lucifer' provided him with an opportunity to meet some famous artistes.

Vishnu is a member of Shruti Orchestra based in Tripunithura. Raghunathan, one of our talented bankers, has to tell a lot about Vishnu.

According to Raghunathan, Vishnu is a singer drenched in the ardour of music. He is a blessed singer who delves deep into all songs and tries hard to bring the best of it. He imbibed the alchemy of music perhaps from the experiences he gained from participating in reality shows.

Vishnu became a part of Talented Bankers music club, drawing inspiration from Shri Anand , after he joined the bank. Anand testifies that Vishnu is someone who loves and venerates music.

Vishnu, who learns music under the tutelage of Perumbavoor Narayanan Namboothiri,strikes a balance in adoring his profession and music. Vishnu dreams to become a famed singer while working in bank. Vishnu's brother, Pranav A Krishnan, who lives with his father and mother in Ernakulam is a student of Christ College in Bangalore.

May the journey of Vishnu through the realms of career and music be adorned with the harmonious symphony of success, echoing through the corridors of time.